## കേരള സർക്കാർ
## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഓപ്പറേഷൻ ടു ടയർ - കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.ആർ. രാജുവിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 1596/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 03.05.2016

---

പരാമർശം :
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ E16(SC 7/12/KNR) 15209/2012 നമ്പർ കത്ത്.
2) കൊല്ലം നഗരസഭാ അഡീഷണൽ കോർപ്പറേഷൻ സെക്രട്ടറി ശ്രീ. വി.ആർ. രാജുവിന് നൽകിയ 23.10.2013 തീയതിയിലെ 52509/ഇയു1/13/തസ്വഭവ. നമ്പർ കുറ്റപത്രം.
3) കുറ്റപത്രത്തിന് ശ്രീ. വി.ആർ. രാജു സമർപ്പിച്ച 09.12.2013 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 19.09.2015 തീയതിയിലെ വി2-19586/2013 നമ്പർ കത്ത്.

### ഉത്തരവ്

'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ വിജിലൻസ് വകുപ്പ് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനകളുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ണൂർ യൂണിറ്റ് 27.02.2012 തീയതിയിൽ കണ്ണൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

a) ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച അപേക്ഷകളും രജിസ്റ്ററുകളും കൃത്യമായ സൂക്ഷിച്ചിട്ടില്ല. അപേക്ഷകൾ മുൻഗണനാ ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല.

b) ഡി & ഒ ലൈസൻസ് സംബന്ധിച്ച അപേക്ഷകൾ, ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ എന്നിവ കൃത്യമായി രജിസ്റ്റർ ചെയ്തിട്ടില്ല. ആവശ്യമായ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. 2011 കാലയളവിൽ വാർഡ് നമ്പർ CW-3C ൽ ഡി & ഒ ലൈസൻസ് ഇല്ലാതെ 28 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നു. ഡി & ഒ

ലൈസൻസ് ഫീസ് സംബന്ധിച്ച അംഗീകൃത ബൈലോ ഓഫീസിൽ സൂക്ഷിച്ചിരുന്നില്ല.

2. ഒന്നാം പരാമർശിത കത്തിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്കെതിരെ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി.ആർ. രാജുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാന് രണ്ടാം പരാമർശിത കുറ്റാരോപണ പത്രം നൽകുകയുമുണ്ടായി. കുറ്റാരോപണ പത്രത്തിന് ശ്രീ. വി.ആർ. രാജു സമർപ്പിച്ച മൂന്നാം പരാമർശിത പ്രതിവാദ പത്രികയിൽ 28.12.2011 ലാണ് താൻ കണ്ണൂർ നഗരസഭാ സെക്രട്ടറിയായി ചുമതല ഏറ്റതെന്നും, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും ജനന-മരണ രജിസ്ട്രാർ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടറാണെന്നും ഡി& ഒ ലൈസൻസ് മുൻകൂറായാണ് പിരിക്കുന്നതെന്നും 2011-ലെ ഫീസ് 2011 മാർച്ചിന് മുൻപു തന്നെ പിരിക്കേണ്ടതായിരുന്നുവെന്നും എന്നാൽ ടി കാലയളവിൽ താൻ കണ്ണൂർ നഗരസഭാ സെക്രട്ടറിയായി ചുമതല ഏറ്റിട്ടില്ലെന്നും താൻ ടി നഗരസഭയിൽ ചുമതല ഏൽക്കുമ്പോൾ ഡി& ഒ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായിരുന്നുവെന്നും വളരെയേറെ കഷ്ടപ്പെട്ട്, കർശന നിർദ്ദേശം നൽകിയാണ് 2011-12 കാലയളവിൽ ഡി& ഒ രജിസ്റ്റർ തയ്യാറാക്കിയതെന്നും ലൈസൻസില്ലാത്ത സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ലൈസൻസ് ഫീസ് സംബന്ധിച്ച ബൈലോ നഗരസഭാ മെയിൻ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതാണെന്നും പ്രസ്താവിച്ചിട്ടുണ്ട്. കൂടാതെ തന്റെ മറുപടി സ്വീകരിച്ച് മേൽ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു.

3. നഗരകാര്യ ഡയറക്ടർ 4-ാം പരാമർശിത കത്ത് പ്രകാരം ചുവടെപ്പറയുന്ന കാര്യങ്ങൾ അറിയിച്ചു.

a) നഗരസഭകളിൽ ജനന-മരണ രജിസ്ട്രേഷൻ നടത്തുന്നത് സെക്രട്ടറി അല്ല.

b) ഡി& ഒ ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് ഉത്തരവാദി ബന്ധപ്പെട്ട ഹെൽത്ത് ഓഫീസറോ, ഹെൽത്ത് ഓഫീസറുടെ ചുമതലയുള്ള ഹെൽത്ത് സൂപ്പർവൈസറോ ആണ്.

c) കുറ്റാരോപണ പത്രത്തിൽ പരാമർശിച്ചതായ ലൈസൻസ് ഇല്ലാതെ 28 സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നതായി സൂചിപ്പിച്ചതിന്റെ അടിസ്ഥാനം വ്യക്തമല്ല. പരിശോധനാ വേളയിൽ ബന്ധപ്പെട്ട ഡി & ഒ രജിസ്റ്ററിൽ ഡിമാന്റ് പ്രകാരം ഫീ ഒടുക്കിയതായി കാണാത്ത കക്ഷികളുടെ എണ്ണം എടുത്താണോ, ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിലാണോ, നടപടി അവശേഷിച്ചതായി കണ്ട അപേക്ഷകളുടെ അടിസ്ഥാനത്തിലാണോ വിജിലൻസ് വിഭാഗം അപ്രകാരം സൂചിപ്പിച്ചതെന്ന് വ്യക്തമല്ല.

d) ജനന-മരണ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സേവനങ്ങൾക്കായി അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് ഇൻവേഡ് നമ്പർ നൽകിയ ശേഷം ആയത് ക്രമമായി തന്നെ രജിസ്റ്ററിൽ ചേർത്ത ശേഷം ഫീസ് ഒടുക്കിയതിന്റെയും സർട്ടിഫിക്കറ്റ് വിതരണം ചെയ്തതിന്റെയും ജനന-മരണ തീയതിയുടെയും വിവരങ്ങൾ, ആയതിലേക്കായി

ഉപയോഗിച്ചിരുന്ന രജിസ്റ്ററിൽ ചേർത്തിരിക്കുന്നതായി കണ്ടു. എന്നാൽ ടി ആവശ്യത്തിലേക്കായി പ്രത്യേക രജിസ്റ്റർ അക്കാലത്ത് സ്റ്റോക്കിൽ ഇല്ലാതിരുന്നതിനാലാവണം നികുതി പിരിവ് രജിസ്റ്റർ, ഒഴിവിളവ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ ടി ആവശ്യത്തിലേക്കായി ഉപയോഗിച്ചു വന്നതായി കാണുന്നു. ഏതായാലും ഇക്കാര്യത്തിൽ മൂന്ന് വർഷത്തിലേറെ മുമ്പ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്ത അപാകതകളുടെ കാര്യത്തിൽ ഇപ്പോൾ തുടർ നടപടികൾക്ക് പ്രസക്തി കാണുന്നില്ല.

ല) ജനന-മരണങ്ങൾ സംബന്ധിച്ച 1970 മുതലുള്ള വിവരങ്ങൾ കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുന്നതിനാൽ നിലവിൽ ആവശ്യങ്ങൾക്ക് ഓൺലൈനായും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിന് സൗകര്യമുണ്ട്. അത്തരം സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാകാത്തതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

4. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീ. വി.ആർ. രാജുവിനെതിരായ അച്ചടക്ക നടപടി അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തു.

5. ഈ സാഹചര്യത്തിൽ, 'ഓപ്പറേഷൻ ടു ടയർ' എന്ന പേരിൽ കണ്ണൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് അന്നത്തെ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. വി. ആർ. രാജു ഉത്തരവാദിയല്ല എന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ടിയാനെതിരായ അച്ചടക്ക നടപടികൾ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രത്നമ്മ. വി,
ജോയിന്റ് സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), തൃശൂർ
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
സെക്രട്ടറി, കണ്ണൂർ നഗരസഭ.
ശ്രീ. വി.ആർ. രാജു, സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (30.03.2016 തീയതിയിലെ 15571/ഡി1/2015/വിജി. പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
(signature)
സെക്ഷൻ ഓഫീസർ